**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127** | **08-10-2021 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ എം മുകേഷ്** | | **Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ അടിസ്ഥാന കായിക വികസനം ഉറപ്പുവരുത്തുന്നതിനായി മുൻ സർക്കാർ ആരംഭിച്ച ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും, 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കായിക വകുപ്പിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ചും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നവീകരണം, പുനരുദ്ധാരണം എന്നിവ നടപ്പിലാക്കി വരുന്നു. കായികയുവജനകാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന പ്ലാൻ ഫണ്ട് ഉപയോഗിച്ച് കേരളത്തിലുടനീളം പുതിയ സ്റ്റേഡിയങ്ങളും വിവിധ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും നിർമ്മാണം നടന്നു വരുന്നതുമായി സ്റ്റേഡിയങ്ങൾ കൂടാതെ 35-ാം ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ നവീകരണവും പരിപാലനവും നടന്നു വരികയാണ്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതും<br>സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ, പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്. കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും, നടത്തിപ്പിനും പുതിയവയുടെ നിർമ്മാണത്തിനുമായി കായിക വകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള കായിക നിർമ്മിതികളെ പ്രസ്തുത കമ്പനിയുടെ കീഴിൽ കൊണ്ട് വന്ന് സംസ്ഥാനത്തുടനീളമുള്ള കായിക സമുച്ചയങ്ങളുടെ ഏകീകൃതവും വ്യവസ്ഥാപിതവുമായ നടത്തിപ്പും പരിപാലനവുമാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഗ്രാമീണ മേഖലയിലെ സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള കായികതാരങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും ദേശീയ, അന്തർദ്ദേശീയ രംഗങ്ങളിൽ കഴിവുതെളിയിക്കുന്നതിനും കഴിയത്തക്കവിധം പ്രസ്തുത പദ്ധതി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും, 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കായിക വകുപ്പിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ചും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നവീകരണം, പുനരുദ്ധാരണം എന്നിവ നടപ്പിലാക്കി വരുന്നു. കായികയുവജനകാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന പ്ലാൻ ഫണ്ട് ഉപയോഗിച്ച് കേരളത്തിലുടനീളം പുതിയ സ്റ്റേഡിയങ്ങളും വിവിധ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും നിർമ്മാണം നടന്നു വരുന്നതുമായി സ്റ്റേഡിയങ്ങൾ കൂടാതെ 35-ാം ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ നവീകരണവും പരിപാലനവും നടന്നു വരികയാണ്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതും |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിൽ, പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുമാണ്. കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും, നടത്തിപ്പിനും പുതിയവയുടെ നിർമ്മാണത്തിനുമായി കായിക വകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടഷൻ എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള കായിക നിർമ്മിതികളെ പ്രസ്തുത കമ്പനിയുടെ കീഴിൽ കൊണ്ട് വന്ന് സംസ്ഥാനത്തുടനീളമുള്ള കായിക സമുച്ചയങ്ങളുടെ ഏകീകൃതവും വ്യവസ്ഥാപിതവുമായ നടത്തിപ്പും പരിപാലനവുമാണ് ലക്ഷ്യമിടുന്നത്. |
| (സി) | ഈ കാലയളവിൽ സംസ്ഥാനത്ത് ഏതെല്ലാം ഗ്രാമങ്ങളിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും നിലവിൽ പ്രവർത്തനങ്ങൾ നടക്കുന്നവ ഏതെല്ലാമെന്നും അറിയിയ്ക്കാമോ? | (സി) | ഈ കാലയളവിൽ കിഫ്ബി ധനസഹായത്തോടെയും കായികവകുപ്പിന്റെ പ്ലാൻ ഫണ്ട്, എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചും ഗ്രാമങ്ങളിൽ നിർമ്മാണം പൂർത്തിയായവയും നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതുമായ കളിസ്ഥലങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

# <u>പൂർത്തീകരിച്ച പ്രവൃത്തികൾ</u>

- **<u>കായിക വകുപ്പിന്റെ പദ്ധതികൾ</u>**

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | പഞ്ചായത്ത് |
|---|---|---|---|
| **കണ്ണൂർ** | | | |
| 1 | പിണറായി സ്വിമ്മിംഗ് പൂൾ | 1.16 കോടി | പിണറായി |
| 2 | പിലാത്തറ ഇൻഡോർ സ്റ്റേഡിയം | 1.82 കോടി | ചെറുതാഴം |
| **വയനാട്** | | | |
| 3 | ആർച്ചറി അക്കാഡമി | 1.75 കോടി | പുൽപ്പള്ളി |
| **പാലക്കാട്** | | | |
| 4 | കണ്ണമ്പ്ര പഞ്ചായത്തിലെ ഫുട്ബോൾ സ്റ്റേഡിയം | 3.00 കോടി | കണ്ണമ്പ്ര |
| 5 | കോട്ടായി ഹയർ സെക്കന്ററി സ്കൂളിൽ 200 മീറ്റർ സിന്തറ്റിക് ട്രാക്ക് | 7.00 കോടി | കോട്ടായി |
| **തൃശ്ശൂർ** | | | |
| 6 | വേലൂർ സ്കൂൾ ഗ്രൗണ്ട് നവീകരണം | 1.00 കോടി | വേലൂർ |
| **തിരുവനന്തപുരം** | | | |
| 7 | കണ്ടല സ്റ്റേഡിയത്തിലെ 8 ലെയർ സിന്തറ്റിക് മൾട്ടിപർപ്പസ് കോർട്ട് | 1.13 കോടി | മാറനല്ലൂർ |

- **കിഫ്ബി പ്രവൃത്തികൾ**

| നം | പദ്ധതിയുടെ പേര് | കിഫ്ബി അംഗീകരിച്ച തുക | പഞ്ചായത്ത് / മുനിസിപ്പാലിറ്റി |
|---|---|---|---|
| 1 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 9.58 കോടി | ചാലക്കുടി മുനിസിപ്പാലിറ്റി |

.

| | | | |
|---|---|---|---|
| 2 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5.34 കോടി | കൂത്തുപറമ്പ് മുനിസിപ്പാലിറ്റി |
| 3 | മിനി സ്റ്റേഡിയം എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | 6.82 കോടി | എടപ്പാൾ പഞ്ചായത്ത് |
| 4 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം | 4.97 കോടി | ഐയ്മനം പഞ്ചായത്ത് |
| 5 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്.എസ്.എസ്. | 8.87 കോടി | തിരുമിറ്റക്കോട് പഞ്ചായത്ത് |
| 6 | പറളി സ്കൂൾ, പാലക്കാട് | 6.93 കോടി | പറളി പഞ്ചായത്ത് |

## നടന്നുവരുന്ന പ്രവൃത്തികൾ

- **കായിക വകുപ്പിന്റെ പദ്ധതികൾ**

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പഞ്ചായത്ത് |
|---|---|---|---|
| | **എറണാകുളം** | | |
| 1 | കോതമംഗലം പല്ലാരിമംഗലം പഞ്ചായത്തിൽ സെവൻസ് മഡ് ഫുട്ബോൾ കോർട്ട് | 72.12 ലക്ഷം | പല്ലാരിമംഗലം |
| | **മലപ്പുറം** | | |
| 2 | മുക്കുത്തല പി.സി.എൻ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ സെവൻസ് ഫുട്ബോൾ ടർഫ്, 200 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണം | 3 കോടി | നന്നമുക്ക് |
| | **പാലക്കാട്** | | |
| 3 | മിനി സ്റ്റേഡിയം, അനങ്ങനടി | 3 കോടി | അനങ്ങനടി |

| | | | |
|---|---|---|---|
| | കണ്ണൂർ | | |
| 4 | കണ്ണൂർ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം | 2.83 കോടി | തൃപ്പങ്ങോട്ടൂർ |

**കിഫ്ബി പ്രവൃത്തികൾ**

| നം | പദ്ധതിയുടെ പേര് | കിഫ്ബി അംഗീകരിച്ച തുക | പഞ്ചായത്ത് / മുനിസിപ്പാലിറ്റി |
|---|---|---|---|
| 1 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം | 13.05 കോടി | തലശ്ശേരി പഞ്ചായത്ത് |
| 2 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. | 5.54 കോടി | ചിറ്റൂർ പഞ്ചായത്ത് |
| 3 | മാനവേദൻ മിനി സ്റ്റേഡിയം കോംപ്ലക്സ്, നിലമ്പൂർ മലപ്പുറം | 18.30 കോടി | നിലമ്പൂർ മുനിസിപ്പാലിറ്റി |
| 4 | മട്ടന്നൂർ സ്റ്റേഡിയം | 4.12 കോടി | മട്ടന്നൂർ മുനിസിപ്പാലിറ്റി |
| 5 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം | 17.04 കോടി | നീലേശ്വരം മുനിസിപ്പാലിറ്റി |
| 6 | കൊടുമൺ സ്റ്റേഡിയം | 14.1 കോടി | കൊടുമൺ പഞ്ചായത്ത് |
| 7 | വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) | 18.67 കോടി | കൽപ്പറ്റ മുനിസിപ്പാലിറ്റി |
| 8 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5.49 കോടി | ധർമ്മടം പഞ്ചായത്ത് |
| 9 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | 5.75 കോടി | മാരാരിക്കുളം സൗത്ത് പഞ്ചായത്ത് |
| 10 | നെടുങ്കണ്ടം സ്റ്റേഡിയം | 9.40 കോടി | നെടുങ്കണ്ടം പഞ്ചായത്ത് |
| 11 | താനൂർ സ്റ്റേഡിയം | 10.07 കോടി | താനൂർ മുനിസിപ്പാലിറ്റി |

| | | | |
|---|---|---|---|
| 12 | നടുവണ്ണൂർ വോളീബോൾ അക്കാദമി | 9.26 കോടി | നടുവണ്ണൂർ മുനിസിപ്പാലിറ്റി |
| 13 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | 4.93 കോടി | കോലയാട് പഞ്ചായത്ത് |
| 14 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | 5.63 കോടി | പുനലൂർ മുനിസിപ്പാലിറ്റി |
| 15 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് | 6.44 കോടി | മേപ്പയ്യൂർ പഞ്ചായത്ത് |
| 16 | വടകര ഇൻഡോർ സ്റ്റേഡിയം. കോഴിക്കോട് | 16.29 കോടി | വടകര മുനിസിപ്പാലിറ്റി |
| 17 | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | | |
| 18 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 13.10 കോടി | പയ്യന്നൂർ മുനിസിപ്പാലിറ്റി |
| 19 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | | |

S.O